"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഇ.എൻ്.റ്റി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.രാജേഷ്.പി.യു. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1532/2024-ന്മേലുള്ള 04.10.2024-ലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.3170/2024/H&FWD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:-

1. ഡോ.രാജേഷ്.പി.യു., ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ്.റ്റി.) ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 10.09.2024-ലെ അപേക്ഷ (Annexure A5).

2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1532/2024-ന്മേലുള്ള 04.10.2024-ലെ ഉത്തരവ്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.10.2024-ലെ ഇ.ബി.4-9296/2024/ആവഡ നമ്പർ നടപടിക്രമം.

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.10.2024-ലെ DHS/9296/2024-EB4 നമ്പർ കത്ത്.

**ഉത്തരവ്**

2024-ലെ പൊതുസ്ഥലംമാറ്റത്തിൽ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകാത്തതിനെതിരെ ഇ.എൻ.റ്റി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.രാജേഷ്.പി.യു. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA-1532/2024 ഫയൽ ചെയ്യുകയും, ടി ഒ.എ. പരിഗണിച്ച ബഹു:ട്രൈബ്യൂണൽ 04.10.2024

തീയതിയായി പുറപ്പെടുവിച്ച ഉത്തരവിൽ ഡോ.രാജേഷ്.പി.യു.വിനെയും 3-ാം എതിർകക്ഷിയായ ഡോ.നിഷ കെ. മൊയ്ദീനെയും 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി നേരിൽ കേൾക്കുന്നതിനും, അതിനു ശേഷം ഉത്തരവ് കൈപ്പറ്റി 2 മാസത്തിനുള്ളിൽ അപേക്ഷകൻ ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച Annexure A5 അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അപേക്ഷകനെയും 3-ാം എതിർകക്ഷിയെയും നേരിൽ കേൾക്കുന്നതിന് ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥയെ അഡിഷണൽ ചീഫ് സെക്രട്ടറി അധികാരപ്പെടുത്തിയത് പ്രകാരം 28.10.2024-ന് ഹിയറിംഗ് നിശ്ചയിച്ച് ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിരുന്നു. നേരിൽ കേൾക്കുന്നതിന് അപേക്ഷകനും 3-ാം എതിർകക്ഷിയും ഹാജരായില്ല.

2) സ്പാർക്കിൽ വന്ന പിശക് കാരണമാണ് 3-ാം എതിർകക്ഷിയായ ഡോ.നിഷ കെ. മൊയ്ദീൻ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മൂന്ന് വർഷം പൂർത്തിയാക്കിയിരുന്നില്ല എന്നത് പ്രകാരം അപേക്ഷകന് ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകാതിരുന്നതെന്നും, എന്നാൽ അപേക്ഷകൻ ലഭ്യമാക്കിയ അപ്പീലിൽ ഡോ.നിഷ.കെ.മൊയ്ദീൻ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മൂന്നു വർഷം പൂർത്തിയാക്കിയിരുന്നു എന്ന് കാണിച്ചിരുന്നതിനാൽ ആർ.ടി.സി. പരിശോധിച്ച് ആയത് ഉറപ്പു വരുത്തുകയും, അപേക്ഷകന് ടിയാളുടെ ഒന്നാമത്തെ ഓപ്ഷനായ കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിലും, 3-ാം എതിർകക്ഷി ഡോ.നിഷ കെ. മൊയ്ദീന് ടിയാളുടെ രണ്ടാമത്തെ ഓപ്ഷനായ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലും പരാമർശം (3) പ്രകാരം സ്ഥലംമാറ്റം അനുവദിച്ചു എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിരുന്നു.

3) അപേക്ഷകന് ടിയാന്റെ ഒന്നാമത്തെ ഓപ്ഷനിൽ നിയമനം ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടിയാൾ സമർപ്പിച്ച Annexure A5 അപേക്ഷയിലെ ആവശ്യം പരിഹരിക്കപ്പെട്ടിരിക്കുന്നു. OA-1532/2024-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോട്ടയം.

ഡോ.രാജേഷ്.പി.യു., ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി)., പ്ലാമൂറിയിൽ ഹൗസ്, ചിറ്റാടി, കോട്ടയം - 686 512.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ
Anupama G Nair
Date: 27-12-2024 12:59:50

മേലെഴുതുന്ന കത്ത് നം. ഇബി4-9296/24/ആവശ്യ തീയതി 17/1/25

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടിക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.